# Hello Hope
# ഹലോ ഹോപ്പ്

---Hope Harbour for Believers---

For Private circulation only

GULF EDITION

Issue No.9, December 2017 Published by: Phoenix Publishing House, Kerala, India | Licence# RNI No.KERMAL/2017/469833/ERN


# തിരുവെഴുത്തും... നാമങ്ങളും



പാസ്റ്റർ റ്റി.റ്റി. തോമസ്

ബൈബിൾ മനുഷ്യന്റെ വീഴ്ചയേയും അതിൽ നിന്ന് രക്ഷ പ്രാപിക്കുവാനുള്ള മാർഗ്ഗത്തേയും കാലാകാലങ്ങളിലെ ദൈവീക പദ്ധതികളേയും കുറിച്ചുള്ള ദൈവീക വെളിപ്പാടിനെ രേഖപ്പെടുത്തിയിരിക്കുന്ന പുസ്തകമാണ്. വേദപുസ്തകം ദൈവീക വെളിപ്പാടിൽ നിന്നും ഉളവായതാണെങ്കിൽപ്പോലും അതിന്റെ ഭാഷ വളരെ ലളിതമാണ്. മനുഷ്യന് ഗ്രഹിക്കുവാൻ പ്രയാസമുള്ള അമാനുഷിക ഭാഷയിലോ സ്വർഗ്ഗീയ ഭാഷയിലോ അല്ല ഇതെഴുതിയിരിക്കുന്നത്. അങ്ങനെ ആയിരുന്നു എങ്കിൽ ഗ്രഹിക്കുവാൻ പ്രയാസമായിരുന്നേനെ.

വേദപുസ്തകത്തിൽ അമാനുഷികമായ ഉൽപ്പത്തി കാണുവാൻ സാധിക്കുന്നു. എങ്കിലും അതിനെ അതിന്റെ ആത്മീകജീവൻ പ്രധാനം ചെയ്യുന്ന ശക്തി കളയാതെ ഏത് ഭാഷകളിലേക്കും തർജ്ജിമ ചെയ്യുവാൻ സാധിക്കും. ഏത് ഭാഷയിൽ തർജ്ജിമ ചെയ്താലും ആ ഭാഷയിൽ അതിന്റെ വിശുദ്ധിയിൽ തന്നെ അത് പരിലസിക്കുന്നു.

ഈ പുസ്തകത്തെ വിവധ പേരുകളിൽ കാണുവാൻ കഴിയുന്നു.

## 1. തിരുവെഴുത്ത് :

'അധർമ്മികളുടെ കൂട്ടത്തിൽ അവനെ എണ്ണി എന്നുള്ള തിരുവെഴുത്തു നിവൃത്തിയായി' - മർ.15:28 'എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽനിന്നു തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും' - യോഹ.7:38

## 2. തിരുവെഴുത്തുകൾ:

'മോശെ തുടങ്ങി സകല പ്രവാചകന്മാരിൽ നിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളതു അവർക്കു വ്യാഖ്യാനിച്ചു കൊടുത്തു' - ലൂക്കോ.24:27 'നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു; അവയിൽ നിങ്ങൾക്ക് നിത്യജീവൻ ഉണ്ടു എന്നു നിങ്ങൾ നിരൂപിക്കുന്നുവല്ലോ; അവ എനിക്ക് സാക്ഷ്യം പറയുന്നു'-യോഹ.5:39

## 3. വാഗ്ദത്തങ്ങൾ :

'പിതാക്കന്മാർക്കു ലഭിച്ച വാഗ്ദത്തങ്ങളെ ഉറപ്പിക്കേണ്ടതിനു' - റോമ.15:8

## 4. അരുളപ്പാടുകൾ :

'സകലവിധത്തിലും വളരെ ഉണ്ടു; ഒന്നാമതു ദൈവത്തിന്റെ അരുളപ്പാടുകൾ അവരുടെ പക്കൽ സമർപ്പിച്ചിരിക്കുന്നതു തന്നേ' - റോമ.3:2 'കാലം നോക്കിയാൽ ഇപ്പോൾ ഉപദേഷ്ടാക്കന്മാർ ആയിരിക്കേണ്ടുന്ന നിങ്ങൾക്കു ദൈവത്തിന്റെ അരുളപ്പാടുകളുടെ ആദ്യപാഠങ്ങളെ തന്നേ വീണ്ടും ഉപദേശിച്ചുതരുവാൻ ആവശ്യമായിരിക്കുന്നു; കട്ടിയായുള്ള ആഹാരമല്ല, പാലത്രേ നിങ്ങൾക്കു ആവശ്യമെന്നു വന്നിരിക്കുന്നു' - എബ്രാ.5:12 'ഒരുത്തൻ പ്രസംഗിക്കുന്നു എങ്കിൽ ദൈവത്തിന്റെ അരുളപ്പാടു പ്രസ്താവിക്കുന്നു എന്നപോലെയും'...- 1 പത്രോ.4:11

## 5. ജീവനുള്ള വെളിപ്പാട്:

'സീനായ്മലയിൽ തന്നോടു സംസാരിച്ച ദൂതനോടും നമ്മുടെ പിതാക്കന്മാരോടും കൂടെ മരുഭൂമിയിലെ സഭയിൽ ഇരുന്നവനും നമുക്ക് തരുവാൻ ജീവനുള്ള അരുളപ്പാടു ലഭിച്ചവനും അവൻ തന്നേ' - പ്രവൃ.7:38

.....ശേഷം 7 -ാം പേജിൽ

# START-UP, DON'T GIVE UP

Tip Off...

Advice from Sunday School Uncle



Anil Thomas

*Dear Children,*

Government of India started "Start-up India" campaign on16th January 2016 to motivate youth of nation forentrepreneurship. There are lot of steps to launch your own start-up such as dream big and start small, work to learn, not to earn, understand the market, think like an athlete, define your mission, find the right location, be ready for constant change, work hard, be nice to people etc., But many of such start-up programmes failed due to funding problems, competition, pricing of product etc.,

Same way, as a Christian don't delay to start-up your own entrepreneurship for the development of His kingdom. Jesus briefed the parable of talents in Matthew chapter 25.A master who was leaving his house to travel, and, before leaving, entrusted his property to his servants. According to the abilities of each man, one servant received five talents, the second servant received two talents, and the third servant received one talent. The property entrusted to the three servants was worth 8 talents, where a talent was a significant amount of money. Upon returning home, after a long absence, the master asks his three servants for an account of the talents he entrusted to them. 2 of them made their start-up programme and made double and gained master's appreciation. One of them never initiated to do business and his master threw him to the darkness.

*"The pessimist sees difficulty in every opportunity. The optimist sees the opportunity in every difficulty"- Winston Churchill*

We have only a month left to enter into New Year. Don't wait for the new year to start-up your own future plans.Start-up now andstand-up for it. You have to design your future by identifying your talents. So no confusion will exist when you have to move on to your higher studies or future career. Start-up close relationship with God -Follow God's will in your life as He gives us the rewards.You all have unused talents. So estimateit,dedicate to God and cultivate it for His glory. Understand your SHAPE (Spiritual gifts, Heart,Abilities,Personality and Experience) Start-up today like there is no tomorrow.

## HH കുഞ്ഞാപ്പി & ഇന്നാമ്മ



# ക്രൂശും ജീവനും...

EDITORIAL




ജീവനോടുള്ള ബന്ധത്തിൽ ക്രൂശിനെപ്പറ്റി ചിന്തിച്ചാൽ ഒരു കാര്യം യാഥാർത്ഥ്യമാണ്, കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിന്റെ ഫലമായിട്ടു മാത്രമേ ആത്മീക ജീവൻ പ്രാപിക്കാൻ കഴിയുകയുള്ളൂ. എന്നേയും നിങ്ങളേയും സംബന്ധിച്ച് വളരെ പ്രധാനപ്പെട്ടതാണിത്. വിശ്വസിക്കുന്ന ഏവർക്കും അവന്റെ മരണപുനരുത്ഥാനത്താൽ നിത്യജീവൻ ലഭ്യമാകുന്നു. ഈ ജീവൻ നമുക്ക് നൽകാനായി യേശുക്രിസ്തു ക്രൂശിൽ വെച്ച് പോരാടി. യേശു യുദ്ധം ചെയ്തു, യുദ്ധം ജയിക്കുകയും ചെയ്തു. യേശുക്രിസ്തു ചെയ്തത് നാം വിശ്വാസത്താൽ അംഗീകരിക്കുമ്പോൾ നമുക്ക് ഈ ജീവൻ സൗജന്യമായി, ദാനമായി നൽകപ്പെടുന്നു. ഇതാണ് ക്രൂശും ജീവനും തമ്മിലുള്ള ബന്ധത്തിന്റെ ഒരു വശം. കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശ് നമുക്ക് ജീവൻ മാത്രമല്ല, സമൃദ്ധിയായ ജീവൻ പ്രാപിക്കാൻ അവസരം ഒരുക്കി. കർത്താവ് നമുക്കുവേണ്ടി ചെയ്തത് നമ്മിൽ നിറവേറപ്പെടണം എന്നാണ് സമൃദ്ധിയായ ജീവൻ നമ്മോടു ആവശ്യപ്പെടുന്നത്. അതാണ് ഏറ്റവും പരമപ്രധാനമായ കാര്യം.

എന്നാൽ ഈ ജീവന്റെ പൂർണ്ണപ്രകാശനത്തിന് തടസ്സമായി നിൽക്കുന്നത് മനുഷ്യന്റെ 'സ്വയം' ആണ്. ഈ സ്വയം എന്ന പ്രാകൃത ജീവൻ, ദൈവീക ജീവൻ നമ്മിലേക്ക് പ്രവഹിക്കുന്നതിനെ തടയുന്നു. ഈ പ്രാകൃത ജീവനെയാണ് നാം ദുരീകരിക്കേണ്ടത്. ദൈവം നമുക്കുവേണ്ടി ചെയ്തത് നമ്മിൽ നിറവേറിയേ മതിയാവൂ. അത് നടക്കുമ്പോൾ ആ ജീവൻ മഹത്വമേറിയ ഒരു സ്വത്തായിത്തീരുന്നു. വർദ്ധിച്ചുവരുന്ന സന്തോഷത്തിനു കാരണമായിത്തീരുന്നു. അത് നമ്മിൽ ജീവന്റെ പൂർണ്ണപ്രകാശനം നടത്തുന്നു.

ദൈവവുമായി ബന്ധമില്ലാത്ത ഒരു അരാജകാവസ്ഥ ലോകത്തിൽ ഉണ്ടെന്ന് എനിക്കും നിങ്ങൾക്കും അറിയാം. നാം അത് കാണുകയും അറിയുകയും ചെയ്യുന്നു. ഇതൊന്നും യാദൃച്ഛികമല്ല, ആശയകുഴപ്പം, തകർച്ച, അസാമധാനം എന്നിവയ്ക്കു പിന്നിൽ സജീവമായി പ്രവർത്തിക്കുന്ന ശക്തികളുമായി എതിർത്തുനിൽക്കണമെങ്കിൽ ക്രൂശിൽനിന്നുള്ള ജീവൻ നമുക്കാവശ്യമാണ്. ഈ വക ശക്തികളുടെ യഥാർത്ഥവും പൂർണ്ണവും ആയ ഒരു നശീകരണം ജീവിതത്തിൽ നടക്കണം.

ഇവിടെയാണ് പലരും തെറ്റിപോകുന്നതും സുവിശേഷരംഗത്ത് അധികവും വ്യാജന്മാർ കടന്നുകൂടുന്നതും. അവർ യഥാർത്ഥവും പൂർണ്ണവും എന്നീ വാക്കുകളെ തമ്മിൽ യോജിപ്പിക്കുന്നില്ല. കർത്താവ് ഈ ശക്തികളുടെ അധികാരിയായ പിശാചിനെ നശിപ്പിച്ചു. നശിപ്പിക്കുക എന്ന വാക്ക് 'ഒന്നുമില്ലായ്മയിലേക്ക് കൊണ്ടുവരിക' എന്ന വാക്കിന്റെ തർജ്ജമയാണ്. തീർത്തും നിർവീര്യമാക്കുക എന്നർത്ഥം. യേശുവിനെ സംബന്ധിച്ചിടത്തോളം സാത്താൻ തീർത്തും നിർവീര്യനാണ്. സാത്താന് യേശുവിനെ വ്യക്തിപരമായി ഒന്നും ചെയ്യാൻ കഴിയില്ല. സാത്താന് അത് അറിയാം. സാത്താന് യേശുവിനെ തൊടാൻ കഴിയുന്ന ഏകമാർഗ്ഗം അവന്റെ ജീവൻ വ്യാപരിക്കുന്ന ആളുകളെ തൊടുക എന്നതാണ്. എന്നാൽ ക്രിസ്തുവിൽ നമുക്ക് മരണത്തിന്റേയും സാത്താന്റേയും സമ്പൂർണ്ണ നാശം കാണാൻ കഴിയും. ക്രിസ്തുവിലൂടെ നമുക്കും ആ യാഥാർത്ഥ്യം നമ്മിൽ വ്യാപരിക്കുന്ന അവന്റെ ജീവനാൽ അനുഭവിച്ചറിയാൻ കഴിയും.




ദൈവീക ജീവന് ഒരു പ്രതിനിധീകരണം ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമായിരുന്നതിനാൽ അത് ക്രിസ്തുവിലൂടെ സാക്ഷാത്ക്കരിക്കപ്പെട്ടു. നാം അനുകരിക്കേണ്ട മാതൃക അവനാണ്. ദൈവം നമ്മെ എത്തിക്കുവാൻ ആഗ്രഹിച്ച ലക്ഷ്യം ക്രിസ്തുവാകയാൽ ക്രിസ്തുവിനോട് അനുരൂപപ്പെടുക എന്നു പറഞ്ഞാൽ ക്രിസ്തു പ്രതിനിധീകരിക്കുന്ന ദൈവവ്യവസ്ഥയോട് അനുരൂപപ്പെടുക എന്നാണർത്ഥം.

ദൈവ്യവസ്ഥയുടെ ആകെതുകയാണ് യേശുക്രിസ്തു. പഴയനിയമകാലത്തെ സമാഗമനകൂടാരം അഥവാ ദൈവാലയം അനേകകാര്യങ്ങളുടെ സഞ്ചയം ആയിരുന്നു. അതൊക്കെ ക്രിസ്തുവിന്റെ നിഴലുകൾ ആയിരുന്നു. ക്രിസ്തുവാണ് പുരോഹിതൻ, ക്രിസ്തുവാണ് യാഗപീഠം, ക്രിസ്തുവാണ് യാഗവസ്തു, ക്രിസ്തുവാണ് പഞ്ഞിനൂൽകൊുള്ള തുണി, ക്രിസ്തുവാണ് സ്വർണ്ണം, ക്രിസ്തുവാണ് പൂർണ്ണതയുള്ള മനുഷ്യൻ, ക്രിസ്തുവാണ് ദൈവവ്യവസ്ഥ. അവൻ സകലത്തിന്റേയും മാതൃകയാണ്. ആകയാൽ അവനിൽ നിന്നും ഒഴുകുന്ന ജീവൻ നമ്മുടെ ദേഹം,ദേഹി,ആത്മാവിൽ അനുഭവിച്ചു ശുഭവും സുഖവുമായൊരു ക്രിസ്തീയ ജീവിതം നയിക്കാൻ ഉത്സാഹിക്കാം.

## അറിയിപ്പ്

സ്ഥലപരിമിതി മൂലം വളരെയധികം ലേഖനങ്ങളും മറ്റ് രചനകളും ഈ ലക്കത്തിൽ ചേർക്കാൻ കഴിയാതെ പോയതിൽ ഖേദിക്കുന്നു.



## "ഹലോ ഹോപ്പ്" ഓൺലൈനിൽ

ഹലോ ഹോപ്പ് ജേണൽ ഇപ്പോൾ ഗോഡ്സ് ഓൺ ലാംഗ്വേജ് എന്ന വെബ്സൈറ്റിന്റെ സഹായത്തോടെ ഓണ്ലൈനി ൽ ലഭ്യമാണ്. ഹലോ ഹോപ്പ് ജേണലിൽ ബഹ്റിൻ,ഇന്ത്യ,സൗദി അറേബ്യ, ദുബായ്, അമേരിക്ക, ഇംഗ്ലണ്ട്, ന്യൂസിലാൻഡ്, കുവൈറ്റ്, നേപ്പാൾ, അയർലന്റ്, തുടങ്ങിയ രാജ്യങ്ങളിലെ എഴുത്തുകാരുടെ ആത്മീയ രചനകൾ പ്രസിദ്ധീകരിക്കുവാൻ സർവ്വശക്തനായ ദൈവം സഹായിക്കുന്നു. എല്ലായിടത്തും ഇതിന്റെ പ്രിന്റഡ് കോപ്പികൾ എത്തിക്കാൻ കഴിയാത്തതിനാൽ ഓൺലൈനിൽ ജേണൽ വായിക്കുവാനും ഇതിന്റെ പിഡിഎഫ് ഡൗൺലോഡ് ചെയ്യാനുമായി **www.godsownlanguage.com** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

Read Online:
**www.godsownlanguage.com/mal/Magazines/Hello_Hope**

"ഹലോ ഹോപ്പ്" ജേർണലിൽ വരുന്ന
എല്ലാ ലേഖനങ്ങളിലേയും പതിവ് പംക്തികളിലേയും
ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്ത്വം
എഴുത്തുകാർക്ക് മാത്രമാണ്.
–എഡിറ്റർ–

Views and opinions expressed in various articles and features in "Hello Hope" are only of the writers and not necessarily of the publishers.
-Editor-

നിങ്ങളുടെ അഭിപ്രായങ്ങളും
നിർദ്ദേശങ്ങളും ഞങ്ങൾക്ക് എഴുതുക:

**Hello Hope Journal**
**P.O. Box :10489**
**Kingdom of Bahrain**
**hhgulfnews@gmail .com**
**00973 38383399**
**17877171**



# Oh, my Jesus, why have you loved me so much? I don't understand.

The following is a recent dialogue I had with my Lord and Savior Jesus Christ. It blessed my heart. My soul recoiled with the surge of his captivating love. Now I can't wait to meet Him. The more I know him, the more I want to know him. It may sound a paradox. But it is true. He is a persuasive lover. He is available 24x7 for you too, if you wish to interact with Him. Go for a plunge!

My Lord, you renounced the joy of worship of the myriads of angelic beings and abdicated the heavenly throne for a season to come down to this sin-stricken world of mine and to this renegade earth. You, who live in an eternal present comprising of the past and future, entered into my world of time in search of me. I know, Time is your creation and therefore you and only you can be outside the bounds of time frame. I marvel at your love and I asked "Lord, why me?" ***He answered me "Because I have seen you even before the foundation of the world". Ephesians 1:4***




Knowing fully well the implications of what you were doing, as nothing in the past or future is hidden to your omniscience, you chose to save me from the eternal punishment for my sin and suffered on my behalf. You paid a debt that you didn't owe. You paid my ransom that I couldn't pay. You took me to a place where I could not go. You rescued me from the pit of perdition where I was doomed to be. What surpasses my human wisdom is that you did it all when I didn't even know you. Why, why lord? I don't understand as I can't see that kind of love anywhere else. ***He responded to me: "Such knowledge is too wonderful to you, my son; it is too high, that you cannot attain it" Psalm 139:6***.

King David also was wonder-struck with such unanswerable questions. He was humbled when the Spirit of God revealed to him the divine wisdom: "My frame was not hidden from You when I was made in secret, and skillfully wrought in the lowest parts of the earth. Your eyes saw my substance, yet being unformed". Psalm 139: 15, 16.

You chose a lowly peasant Hebrew girl as a vehicle to come to this world by being born in human flesh. You compressed yourself into a tiny speck to get into her womb. You stayed there in that confined space in captivity for 40 weeks until the fullness of time that was set in eternity. You became a refugee baby in Egypt very early in life, as the ruling King Herod sent out his spies for a scathing man-hunt to kill you. What wrong did you do against anyone? You never challenged his authority or claimed his throne? In answer to my question, ***He invited my attention to the Davidic prophecy concerning Jesus which was awaiting its fulfillment: "Those who hate me without a cause are more than the hairs of my head; they are mighty who would destroy me, being my enemies wrongfully; though I have stolen nothing, still I must restore it". Psalm 69: 4***

You worked hard in a carpenter's shop in obedience to both your heavenly Father and to your earthly adopted father. You supported your family of your mother and several siblings after the possible death of your earthly father early on in life. You taught me family values, discipline, responsibility and the stewardship. What an example you showed me to emulate! I will ever be grateful to you for the lessons you taught me by your life. ***He told me to press on as you have not yet arrived: "Let this mind be in you which was also in Christ Jesus". Phil.2: 5***

Lord, You touched the untouchables and healed the incurables. You loved the sinners and the corrupted public servants and transformed them to become change agents of God's ambassadors. ***You identified with them without losing your own identity. This is another lesson I learnt from you.***

You were moved with compassion at the sight of the neglected and down trodden in the society and did what was required to solve their problems. In a world where even your blood bought children and the leaders of the flock of your sheep are scheming their tactics for popularity and championing their cause for publicity, you hushed your followers and admirers to keep quiet. You dissuaded them from their several attempts to make you their king. ***I was reminded of what you said in the Upper room discourse to your disciples "Whoever desires to become great among you shall be your servant". Mark 10:43***

You submitted yourself to be tortured under the hands of the very men you created. You exchanged your eternal immunity against the ingress of sin into your personality to your voluntarily allowing the painful contact of evil and rottenness of this world. You touched sinners while you remained holy. The nature's osmotic pressure didn't work in corrupting your personality. ***This was a valuable lesson you taught me, Lord to emulate both into the secular field of my involvement as well as within the spectrum of various ministry fronts you have assigned me. Thank you Lord.***




You were misunderstood, misrepresented and became the victim of men's prejudices and vested interests. Your hands and feet were nailed to the Roman gallows. You bowed your head to the thorny crown when pressed down. As the cruel spikes were driven into your body you kept praying for your tormentors, without getting resentful, irritable, or revengeful but you forgave them. ***Oh, Lord this is a hard lesson for me to learn. Please help me Lord, I cried. I surrendered myself to him who said 'I seek not my own will' and 'I do not seek my own glory' but 'my bread and meat is to please my heavenly Father'.***



# സൂക്ഷ്മത ഉള്ളവരാകുക



ജോൺ ജോസഫ്

ലൂക്കോസ് 15:8-10 വായിക്കുമ്പോൾ ഒരു കാര്യം നമുക്ക് വ്യക്തമാകും, സ്വന്ത ഭവനത്തിലെ അശ്രദ്ധയും സൂക്ഷ്മത കുറവും മുഖേനയാണ് അവൾക്ക് ഈ നഷ്ടം സംഭവിച്ചത്. സങ്കീ. 51:10-12 -ൽ ഗുഹകളിലും വെളിപ്രദേശങ്ങളിലും കിടന്നപ്പോൾ ദൈവത്തോട് താൻ ഒരു പ്രതിജ്ഞയെടുത്തിരുന്നു. എന്നാൽ സങ്കീ.55:17 -ൽ സുഖസൗകര്യങ്ങളും അധികാരവും ലഭിച്ചപ്പോൾ തന്റെ തീരുമാനങ്ങളും പ്രതിജ്ഞയും മറന്നു. നിൽക്കരുതാത്ത ഇടത്ത് നിന്നതുകൊണ്ട് തന്റെ രക്ഷയുടെ സന്തോഷം നഷ്ടമായി. പാപം സാഹചര്യങ്ങൾക്ക് അനുസരിച്ച് ആരേയും ഏതുവിധേനയും കീഴ്പ്പെടുത്താം എന്ന വസ്തുതയുടെ തീഷ്ണത ഈ ഭാഗത്ത് പകലുപോലെ സ്പഷ്ടമാണ്.

ഒരു യുദ്ധം മുമ്പിലുള്ളപ്പോൾ, മറ്റൊന്നും ശ്രദ്ധിക്കാതെ കുടുംബശ്രേഷ്ടതയോ, അധികാരമോ ഒന്നും നോക്കാതെ വ്യക്തികൾ തങ്ങളെതന്നെ സൂക്ഷിക്കേ കാലഘട്ടമാണിത് എന്ന മർമ്മം ദൈവജനങ്ങൾ മനസിലാക്കേണ്ടതാണ്. പാപം വെളിവാകുന്നതുവരെ അതു മറച്ചു പിടിയ്




ക്കുവാനും അതിൽ തന്നെ തുടരുവാനും ഉള്ള മാനസിക പ്രേരണ വെടിയേണ്ടതാണ്. പാപം കണ്ടെത്തുവാനും അത് തിരുത്തുവാനുമുള്ള സമയം ഉണ്ട് എന്നുള്ളത് പാപിയ്ക്ക് സമാധാനത്തിനുള്ള വക നൽകുന്നതാണ്. എന്നാൽ അതു വേണ്ടുംവണ്ണം തക്കസമയത്ത് ഉപയോഗിച്ചില്ലെങ്കിൽ അന്ത്യം ഭയാനകമായിരിയ്ക്കും.

അമാസയുടെ ഒരു നിമിഷത്തെ സൂക്ഷമത കുറവുകാരണം തനിക്ക് ജീവൻ തന്നെ നഷ്ടമായി (2 ശമൂ.20:9,10). യോശുവയുടെ ഒരു നിമിഷത്തെ സൂക്ഷമത കറവുകൊണ്ടും ഒരു തലമുറയ്ക്കു തന്നെ ശാപം വന്നു (യോശു.9:14,15). കൂടാതെ അന്യദേശവാസികളുമായുള്ള സംബന്ധം എപ്രകാരം ആയിരിയ്ക്കണമെന്ന് മോശെ തന്നോടു പറഞ്ഞത് മറന്നുകളഞ്ഞു (ആവ.7:1,2). ഒരു ചെറിയ മറവി വരുത്തിയ വിന ചെറുതൊന്നുമല്ല. വർത്തമാനകാലത്തിൽ മാത്രമല്ല, അനേക വർഷങ്ങൾക്കുശേഷം ദാവീദിന്റെ ദേശത്ത് തുടരെത്തുടരെ കൊടും ക്ഷാമവും അനർത്ഥങ്ങളും ഉണ്ടായി. 2 ശമൂ.21:1-9 വരെ, മഹാരാജാവിന്റെ മൊഴി മറന്നതുകൊണ്ട് അന്യജാതികളുമായി ഉടമ്പടി ചെയ്യുമ്പോൾ വരുന്ന വിപത്തുകളെ അളക്കുവാനുള്ള പാഠശാലയാണ് ഈ ഭാഗം.

വാഗ്ദത്തങ്ങൾ കൈയ്യിൽ കിട്ടി, ഒരു ജയജീവിതം നയിക്കുവാനുള്ള സാഹചര്യം ഒരുങ്ങിവരുമ്പോൾ ഉയരത്തിൽ നിന്നും പ്രാപിച്ച വചനവും പ്രമാണവും അൽപ്പനേരത്തേക്കു പോലും മറന്നുകളയുന്നതും അതിന് വിരുദ്ധമായി പ്രവർത്തിക്കുന്നതും, താൽക്കാലികമായി മാത്രമല്ല വരുംതലമുറയ്ക്കു പോലും അറിയപ്പെടാത്ത ദോഷം വരുത്തുവാനിടയാകും. ആകയാൽ സൂക്ഷമത കുറവ് മനസിലാക്കിയാൽ ഒരു തിരിഞ്ഞുനോട്ടം ആവശ്യമാണ് (ലൂക്കോ.2:41-46, വെളി.2:5, ഗലാ.6:4). അതിനായി ദൈവം നമ്മെ സഹായിക്കട്ടെ!

# THE POWER OF WORD

The tongue that brings healing is a tree of life, but a deceitful tongue crushes the Spirit. (Pro 15:4).

Every word that we speak has power, may it be a blessing or a curse. Ephesians 4:29 says," Do not let unwholesome talk come out of your mouth, but what is helpful for building others up according to their needs, that it may benefit those who listen.

If you want to live a victorious life, you need to protect your tongue from evils and that's the reason the psalmist prayed unto Lord in Psalms 141:3, Set a guard over my mouth, Lord, keep watch over the door of my lips. The tongue has the power of life and death and those who love it will eat its fruit. (Pro 18:21). Remind yourself always that you are more than a conqueror through Christ (Rom 8:37), that you can do all things though Christ who strengthens you (Phil 4:13), that nothing can separate you from the love of God that is in Christ Jesus our Lord. (Rom 8:39).

Every morning when you wake up, start your day thanking and praising God, asking for His unfailing grace and mercies that are new every morning, filling you with His fresh anointing to face the day. Doing this, I can assure you one thing, even if the world doesn't change around you, you will be transformed in the way that He desires you to be and being a child of God, that is what matters.

Its very easy to speak about the goodness of the Lord, about blessing and prosperity when you have everything that you want but can you speak about His goodness, can you bless Him and praise Him in midst of your trials and tribulations?? When things don't go the way you want it to be? What if the suffering of your life is in the pan of God to reveal His glory? Th Bible teaches us in Psalms 139:13 and 16 that all days of our life is ordained by Him who created my inmost being.

Though Mary and Martha cried out to Jesus on the sickness and death of Lazarus, God had a plan for him. And so Jesus said, this sickness will not end in death. No it is for God's glory,so that God's son may be glorified through it. ( Jn 11:4).

Do not forget Satan is a roaring line, who is a deceiver, a destroyer, a liar who came to steal your peace and destroy you. So, in midst of your sufferings if you only keep on complaining and murmuring instead of praising God you would end up with loosing the battles of your life. Believe, Surrender, Have faith and proclaim God's victory over your life, over your situations.

Use every opportunity of your hardships and failures to grow



Rincy Justin

more and more closer to God. Through persistent Prayer, meditation of Word and surrendering to the will of God you would see that you are receiving victory over your battles.

Speak blessings upon your life,God is faithful to every promises that He has md to you and so prophecy upon your life the promises of Lord, rejoice in the Lord always, praise the Lord in midst of storms and you will experience the greatness of the Lord upon your life that you can testify the goodness of the Lord.

# ബഹ്റിനിലേക്ക്...

*പ്രഭാഷകൻ, പരിഭാഷകൻ, എഴുത്തുകാരൻ, ഗാനരചയിതാവ്, ഗായകൻ, സംഘാടകൻ, സ്പിരിച്ച്വൽ മോട്ടിവേറ്റിംഗ് ട്രയിനർ തുടങ്ങിയ നിലകളിൽ വിവിധ രാജ്യങ്ങളിൽ ദൈവം ഉപയോഗിക്കുന്ന കർത്തൃഭൃത്യൻ ഡോ. ജോർജ് മാത്യുവിന് ബഹ്റിനിലേക്ക് സ്വാഗതം!*



ഡോ.ജോർജ് മാത്യു

ഒരു മലങ്കര കത്തോലിക്ക കുടുംബത്തിൽ ജനിച്ചു. അഞ്ചാമത്തെ വയസിൽ അമ്മയാണ് സംഗീതത്തോടുള്ള അഭിരുചി കണ്ടുപിടിച്ചത്. 10-ാം ക്ലാസുമുതൽ രണ്ടു മൂന്നു വർഷം ശാസ്ത്രീയ സംഗീതം അഭ്യസിച്ചു. ആയതിനാൽ അടിസ്ഥാനപരമായി സംഗീതത്തിന്റെ ശുദ്ധി, സ്വരസ്ഥാനം, രാഗങ്ങൾ എന്നിവയെക്കുറിച്ച് പഠിക്കുകയും അത് പിൽക്കാലങ്ങളിൽ പലപ്പോഴും ശുശ്രൂഷകളിൽ വലിയ സഹായമാകുകയും ചെയ്തു. ചെറുപ്പക്കാലത്ത് ഉൾപ്പെട്ടുനിന്ന സഭയിൽ വിവിധ നിലകളിലുള്ള ശുശ്രൂഷകളിൽ പങ്കാളിയാകുവാൻ ദൈവം സഹായിച്ചു. കൂടാതെ പഠനക്കാലത്ത് വിദ്യാലയങ്ങളെ പ്രതിനിധീകരിച്ച് അനേക മത്സരവേദികളിൽ പങ്കെടുത്ത് ധാരാളം സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്.

പഠനാന്തരം 1990-ൽ അദ്ധ്യയനജീവിതത്തിലേക്ക് പ്രവേശിച്ചു. നാഗലാൻഡ്, ബോംബെ തുടങ്ങിയ സ്ഥലങ്ങളിലെ അദ്ധ്യയനവൃത്തിക്കുശേഷം 1992-മുതൽ അബുദബിയിൽ സ്ക്കൂൾ പ്രിൻസിപ്പൽ ആയി 10 വർഷക്കാലം ജോലി ചെയ്തു. ഈ കാലയളവിലാണ് ലോകസ്ഥാപനത്തിനുമുമ്പേ ക്രിസ്തുവിൽ ദത്തെടുക്കപ്പെട്ടവനാകയാൽ 1994-ൽ അബുദബിയിൽവെച്ച് ചില ദൈവമക്കളുടെ നിരന്തര പ്രാർത്ഥനയും ഇടപെടലുകളും നിമിത്തം രക്ഷിക്കപ്പെടുവാനും 1995-ൽ സ്നാനമേറ്റ് ദൈവസഭയുടെ അംഗമായി മാറുവാനും ഭാഗ്യം ലഭിച്ചത്. അങ്ങനെ 1995-ൽ തന്നെ കുടുംബജീവിതത്തിലേക്കും പ്രവേശിപ്പാൻ ദൈവം അവസരും ഒരുക്കി.

അബുദബിയിൽ മലയാളി ക്രിസ്ത്യൻ കോൺഗ്രിഗേഷന്റെ കോഡിനേറ്ററായി ധാരാളം പ്രൊഫഷണൽ മ്യൂസിക്ക് പ്രോഗ്രാമുകൾ പലയിടങ്ങളിൽ നടത്തുവാൻ ദൈവം തന്നെ ഉപയോഗിച്ചു. അവിടെവെച്ചാണ് ആദ്യമായി കരുണാസങ്കേതം എന്ന ക്രിസ്തീയ ആൽബം പ്രശസ്ത സംഗീത സംവിധായകൻ നൈസുമായി ചേർന്ന് ചെയ്തത്. 2002-ൽ അവിടുത്തെ ജോലി രാജിവെച്ച് കൊടൈക്കനാലിൽ ദൈവദാസൻ ഡോ.കുര്യൻ എബ്രഹാമിന്റെ സയോൻ മെട്രിക്കുലേഷൻ സ്ക്കൂളിന്റെ അഡ്മിനിസ്ട്രേറ്ററായി ചുമതലയേറ്റു. അവിടെയുള്ള ഭൂരിഭാഗം തമിഴ് ചർച്ചുകളിലും ദൈവവചനം ശുശ്രൂഷിക്കാനും സൺഡേസ്ക്കൂളിന്റെ പ്രവർത്തനങ്ങളിലും കുഞ്ഞുങ്ങളുടെ ഇടയിൽ അനേക സ്പിരിച്ച്വൽ മോട്ടിവേഷൻ പ്രോഗ്രാമുകളും ചെയ്യാൻ അവസരം കിട്ടി. 2004-ൽ ഒരു ദൈവീക നിയോഗ പ്രകാരമാണ് വെസ്റ്റ് ബംഗാൾ, സിലിഗുരിയിലെ, നോർത്ത് ഈസ്റ്റ് ഇൻഡ്യയിലെ ഏറ്റവും വലിയ സുവിശേഷ സംഘടനയായ പെനിയേൽ ഗോസ്പെൽ ടീമിന്റെ ഉടമസ്ഥതയിലുള്ള ഹെബ്രോൻ ഹൈസ്ക്കൂളിന്റെ പ്രിൻസിപ്പൽ ആയി ജോയിൻ ചെയ്തത്. സിക്കിം, ബീഹാർ, ആസാം, ബംഗ്ലാദേശിന്റേയും ടിബറ്റ്, ഭൂട്ടാൻ എന്നിവയുടെ ബോഡറിലുമുള്ള അനേക ഹിന്ദി ചർച്ചുകളിൽ ശുശ്രൂഷിക്കാനും ഒരു വർഷിപ്പ് ലീഡർ എന്ന നിലയിൽ ധാരാളം കമ്പയിൻഡ് ആരാധനകൾക്ക് നേതൃത്വം കൊടുക്കാനും ദൈവം തന്നെ ഉപയോഗിച്ചു.

കൂടാതെ പെനിയേൽ ഗോസ്പെൽ ടീമിനായി 2010-ൽ ബഹ്റിനിൽ വരുകയും അനേക സഭകളിൽ മ്യൂസിക്ക് പ്രോഗ്രാമുകളും ദൈവവചന ശുശ്രൂഷകളും ചെയ്യാനും അവസരം ലഭിച്ചു. ആ യാത്രയോടനുബന്ധിച്ച് യു.എ.ഇ, ദുബായ് എന്നിവടങ്ങളിൽ കർത്താവിന്റെ സാക്ഷിയാകാൻ ദൈവം ഇടയാക്കി.

250-ഓളം ഇംഗ്ലീഷ് കവിതകൾ എഴുതിയിട്ടുണ്ട്. മലയാളത്തിലും നിരവധി കവിതകളും പാട്ടുകളും എഴുതി ഈണം നൽകാനും കർത്തൃദാസനെ ദൈവം ഉപയോഗിക്കുന്നു. കൂടാതെ ബഹ്റിനിലേക്കുള്ള ഇപ്പോഴത്തെ വരവിൽ കർത്താവിന്റെ ദാസൻ പാസ്റ്റർ റ്റി .റ്റി. തോമസ് നൽകുന്ന പ്രോത്സാഹനത്തിനും പിൻതുണയ്ക്കും താൻ നന്ദിയുള്ളവനാണെന്നും അദ്ദേഹം പറഞ്ഞു. ദൈവവചന ശുശ്രൂഷയ്ക്കും മോട്ടിവേഷണൽ പ്രോഗ്രാമുകൾക്കുമായി ബഹ്റിനിൽ അദ്ദേഹത്തെ സമീപിക്കാവുന്നതാണ്.

**ഫോൺ : + 973 38978524**

ഭാര്യ: ഷൈജി, മക്കൾ: ജെഫ്രി ജോർജ്, ഐറിസ് ജോർജ്.

# ബഹ്റിനിൽ നിന്നും...



ബ്രദർ തോമസ് ജോർജും കുടുംബവും

1979 മാർച്ച് മാസം 22 ന് ബഹ്റിനിലെത്തിയ കോട്ടയം പാമ്പാടി സ്വദേശി ബ്രദർ തോമസ് ജോർജ് തന്റെ പ്രവാസജീവിതം അവസാനിപ്പിച്ചു നാട്ടിലേക്ക് മടങ്ങി. ഒരു നാമധേയ ക്രിസ്ത്യാനിയായി വന്ന താൻ മടങ്ങിപോകുന്നത് ഒരു ദൈവപൈതലായി ആണെന്ന കാര്യത്തിൽ അദ്ദേഹം സന്തോഷവാനാണ്. ഇന്നത്തെപോലെ ആധുനിക സംവിധാനങ്ങളൊന്നുമില്ലാതിരുന്ന മുൻകാലങ്ങളിൽ കത്തിലൂടെയാണ് നാട്ടിലെ കാര്യങ്ങൾ അറിഞ്ഞിരുന്നത്. തന്റെ മാതാവ് തനിക്കെഴുതുന്ന കത്തുകളിൽ ഭൂരിഭാഗവും സുവിശേഷമായിരിക്കും. എന്നാൽ അന്നൊന്നും അത് ഉൾകൊള്ളാൻ തനിക്ക് കഴിഞ്ഞില്ലയെങ്കിലും വിശ്വാസജീവിതത്തിലേക്ക് കടന്നുവരാനുള്ള വാതിലായി. 1985-ൽ വിവാഹജീവിതത്തിലേക്ക് പ്രവേശിച്ചു. അങ്ങനെ കുടുംബമായി ഇവിടെ ആയിരിക്കുന്ന സമയത്താണ് 1990-ൽ ബഹ്റിൻ ശാരോൻ ഫെല്ലോഷിപ്പ് ചർച്ചിൽ വെച്ച് നടന്ന ഒരു സ്നാന ശുശ്രൂഷയിൽ പങ്കെടുത്തതാണ് രക്ഷയിലേക്ക് കടന്നുവരാനുള്ള മുഖാന്തരമായത്. ആ സ്നാന ശുശ്രൂഷയിൽ നടന്ന ദൈവവചനത്തിന്റെ കേൾവിയും കൂടാതെ പാസ്റ്റർ പി.സി ചാണ്ടി, സിസ്റ്റർ സലോമി ചാണ്ടി എന്നിവരുടെ ആത്മീയ കൈതാങ്ങലുകളും കുടുംബമായി അവരുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കി. അങ്ങനെ അടുത്തു നടന്ന സ്നാനശുശ്രൂഷയിൽ കുടുംബമായി അവർക്ക് കർത്താവിനെ ജലത്തിൽ സാക്ഷീകരിക്കാൻ ദൈവം ഭാഗ്യം നൽകി.

ദൈവസഭയുടെ വിവിധ ഉത്തരവാദിത്വങ്ങൾ വിശ്വസ്തതയോടെ വഹിക്കുവാനും ബ്രദർ തോമസ് ജോർജിന് കഴിഞ്ഞു. ബഹ്റിനിലെ ഐക്യ കൂട്ടായ്മകളായ ബി.എം.സി.സി, എം.ഇ.പി.സി തുടങ്ങിയവയിലൂടെ പലതരത്തിലുള്ള ആത്മീയ ശുശ്രൂഷകളിൽ പങ്കാളിയാകുവാൻ ദൈവം തന്നെ ഉപയോഗിച്ചു. 1979 മുതൽ 2005 വരെ യുണൈറ്റഡ് ഹോട്ടൽ കമ്പനിയിലും, 2005 മുതൽ 2017 നവംബർ വരെ ബഹ്റിൻ എയർപ്പോർട്ട് സർവ്വീസിലും ജോലി ചെയ്തു. ഭാര്യ: സാലി തോമസ്, മകൾ ടെസ്സി തോമസ് കുടുംബസ്ഥയാണ്, മകൻ:ടെറിൻ തോമസ്.

## Command & Promise of the Month

### COMMAND

*ഗാലാത്യർ 5:16*

***ആത്മാവിനെ അനുസരിച്ചു നടപ്പിൻ, എന്നാൽ നിങ്ങൾ ജഡത്തിന്റെ മോഹം നിവർത്തിക്കയില്ല എന്നു ഞാൻ പറയുന്നു.***

### PROMISE

*എഫെസ്യർ 2:8*

***കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു, അതിന്നും നിങ്ങൾ കാരണമല്ല, ദൈവത്തിന്റെ ദാനമത്രേയാകുന്നു.***

# സർപ്പം കടിച്ചിട്ടു മന്ത്രവാദിയെ വിളിച്ചാൽ പ്രയോജനമുണ്ടോ?



സണ്ണി തോമസ്, പുതുപ്പള്ളി

സർപ്പം കടിച്ചിട്ട് പിന്നെ മന്ത്രവാദിയെയോ പാമ്പാട്ടിയെയോ അല്ല സാക്ഷാൽ വാവ സുരേഷിനെത്തന്നേയോ കൊണ്ടുവന്നിട്ടു പ്രയോജനമൊന്നുമില്ല. സർപ്പം അതിനു ചെയ്യാവുന്ന ദോഷം ചെയ്തു കഴിഞ്ഞിരിക്കുന്നു. പാമ്പാട്ടിയുടെ സർപ്പം വിഷമുള്ളതും കടിക്കുന്നതുമാണ്. അത് കൂടക്കുള്ളിൽ ആയിരിക്കുമ്പോൾ പാമ്പാട്ടിയുടെ സമ്പൂർണ്ണ നിയന്ത്രണത്തിലാണ്.



എന്നാൽ സർപ്പത്തെ അങ്ങനെ കൂടക്കുള്ളിൽതന്നെ സൂക്ഷിച്ചാൽ എന്ത് പ്രയോജനം ? പാമ്പാട്ടിയുടെ നിത്യവൃത്തി എങ്ങനെ ഉണ്ടാകും, ജീവിതം തന്നേ വഴി മുട്ടുകയില്ലേ? സർപ്പത്തെക്കൊണ്ടു തനിക്കും പ്രയോജനമില്ല മറ്റുള്ളവർക്കും പ്രയോജനമില്ല എന്ന സ്ഥിതി വരും, സർപ്പവും പട്ടിണിയാകും.

നാവ് പാമ്പാട്ടിയുടെ കൂടയിലെ ഒരു സർപ്പം ആണ്. സർപ്പത്തെ തുറന്നു വിടണം അതു ജനത്തിന്റെ മുമ്പിൽ പ്രദർശിപ്പിക്കപ്പെടണം.

പാമ്പാട്ടിയുടെ മകുടിയിൽ നിന്നുള്ള ഈണത്തിനും താളത്തിനും ഒത്തു ആടണം, താളം വെയ്ക്കണം. നാട്ടുകാർ കണ്ടും കേട്ടും ആഹ്ലാദിക്കണം, കൈകൊട്ടണം, നാണയത്തുട്ടുകൾ എറിഞ്ഞുകൊടുക്കണം. ഇതൊക്കെയല്ലേ പാമ്പാട്ടിയുടെ അദ്ധ്വാനവും പ്രതീക്ഷയും. നീതിമാന്റെ അധരങ്ങൾ പലരെയും പോഷിപ്പിക്കും. താൻ പറയുന്ന ഉത്തരം ഹേതുവായി മനുഷ്യന്നു സന്തോഷം വരും; ഇമ്പമുള്ള വാക്കു തേൻകട്ടയാകുന്നു; മനസ്സിന്നു മധുരവും അസ്ഥികൾക്കു ഔഷധവും തന്നേ.

പക്ഷേ അപ്രതീക്ഷിതമായിരുന്നു ആ സർപ്പത്തിന്റെ പെരുമാറ്റം. നന്നേ മരുങ്ങിയതെന്നു കരുതിയിരുന്ന സർപ്പം തനി സ്വഭാവം പുറത്തെടുത്തത് വളരെ പെട്ടന്നായിരുന്നു. കൂട തുറന്നതും കണ്ടുനിന്ന ആൾക്കാരുടെ ഇടയിലേക്ക് അവൻ ഓടി പാഞ്ഞതും ആഞ്ഞു കൊത്തിയതും ഒന്നിച്ചായിരുന്നു. അയാൾ ഓടി, നിലത്തുവീണു വേദനകൊണ്ട് പിടഞ്ഞു, കണ്ണുകൾ മറിഞ്ഞു, ശ്വാസം നിലച്ചു, എല്ലാം പെട്ടന്നു സംഭവിച്ചു. നാട്ടുകാരുടെ ആക്രോശം തനിക്കുനേരെ തിരിഞ്ഞപ്പോൾ എന്ത് ചെയ്യണമെന്നറിയാതെ തരിച്ചു ഇരുന്നുപോയതേയുള്ളൂ ആ പാവം പാമ്പാട്ടി.

തുറന്നുവിട്ടാൽ സർപ്പത്തേക്കാൾ വേഗത്തിലും കനത്തിലും നാശം വിതയ്ക്കുവാൻ നാവിനെക്കൊണ്ടാവും. അതിന്റെ ഭാവവും വേഗതയും ശീൽക്കാരവും എല്ലാം മറ്റുള്ളവരെ ഭയപ്പെടുത്തും, മുറിവേൽപ്പിക്കും, ചിലപ്പോഴൊക്കെ മരണത്തിലേക്കും നയിക്കും. വാളുകൊണ്ടു കുത്തുംപോലെ മൂർച്ചയായി സംസാരിക്കുന്നവർ ഉണ്ടു. മരണവും ജീവനും നാവിന്റെ അധികാരത്തിൽ ഇരിക്കുന്നു; അതിൽ ഇഷ്ടപ്പെടുന്നവർ അതിന്റെ ഫലം അനുഭവിക്കും. മൃഗം, പക്ഷി, ഇഴജാതി, ജലജന്തു ഈവക എല്ലാം മനുഷ്യനോടു മരുങ്ങുന്നു, നാവിനെയോ മനുഷ്യർക്കാർക്കും മരുക്കാവതല്ല; അതു അടങ്ങാത്ത ദോഷം; മരണകരമായ വിഷം നിറഞ്ഞതു.

പാമ്പാട്ടിക്കു ചെയ്യുവാൻ പറ്റുന്ന ഒരു കാര്യം ഉണ്ട്. കൂട തുറക്കുന്നതിനുമുമ്പേതന്നേ മകുടിയിൽ നിന്നും ഈണം പ്രവഹിക്കാൻ തുടങ്ങട്ടെ, സർപ്പം പാമ്പാട്ടിയുടെ വരിധിയിൽത്തന്നേ നിൽക്കട്ടെ. ഓരോരുത്തനോടു നിങ്ങൾ എങ്ങനെ ഉത്തരം പറയേണം എന്നു അറിയേണ്ടതിന്നു നിങ്ങളുടെ വാക്കു എപ്പോഴും കൃപയോടു കൂടിയതും ഉപ്പിനാൽ രുചിവരുത്തിയതും ആയിരിക്കട്ടെ.

സർപ്പത്തിന്റെ മട്ട് ശരിയല്ലന്നു തോന്നിയാൽ, കൂട തുറന്നില്ലെങ്കിലും സാരമില്ല. ലാഭമില്ലെങ്കിലും നഷ്ടമില്ലാതിരിക്കുമല്ലോ. മിണ്ടാതിരുന്നാൽ ഭോഷനെപ്പോലും ജ്ഞാനിയായും അധരം അടച്ചുകൊണ്ടാൽ വിവേകിയായും എണ്ണും. വാക്കു പെരുകിയാൽ ലംഘനം ഇല്ലാതിരിക്കയില്ല; അധരങ്ങളെ അടക്കുന്നവനോ ബുദ്ധിമാൻ.

മരുങ്ങാത്ത സർപ്പത്തെ, മട്ടു മാറിയ സമയത്തു, മകുടിയും കൂടാതെ തുറന്നു വിടുന്നതു നാട്ടുകാരുടെ തല്ലു വിളിച്ചു വരുത്തും. കൈകൊട്ടിനു പകരം ജനം കൈകൊണ്ടു രണ്ടു കൊട്ടു കൊട്ടിയാലും അത്ഭുതപ്പെടേണ്ടതില്ല. മൂഢന്റെ അധരങ്ങൾ വഴക്കിന്നു ഇടയാക്കുന്നു; അവന്റെ വായ് തല്ലു വിളിച്ചു വരുത്തുന്നു. മൂഢന്റെ വായ് അവന്നു നാശം; അവന്റെ അധരങ്ങൾ അവന്റെ പ്രാണന്നു കെണി.

പാമ്പാട്ടിയെ കടിക്കുന്ന സർപ്പവും ഉണ്ടു. സൂക്ഷിച്ചില്ലെങ്കിൽ പാലൂട്ടി വളർത്തിയ സർപ്പം തിരിച്ചു പാലൂട്ടിയ കൈകളിൽത്തന്നേ കൊത്തിയെന്നുവരും.

സർപ്പം കടിച്ചിട്ടു പിന്നെ പാമ്പാട്ടിക്കും മന്ത്രവാദിക്കും ഒന്നും സഹായിപ്പാൻ കഴിയുകയില്ല. എത്ര നല്ല കൗശലമാണെങ്കിലും തക്ക സമയത്തു പ്രയോഗിച്ചില്ലെങ്കിൽ പ്രയോജനമില്ല. മന്ത്രപ്രയോഗം ചെയ്യുംമുമ്പെ സർപ്പം കടിച്ചാൽ മന്ത്രവാദിയെ വിളിച്ചിട്ടു ഉപകാരമില്ല (സഭാപ്രസംഗി 10:11).

# Did the Ten Commandments Exist Before Moses?



Rev. Georgy Mathew Alexios

*(Continued from last issue)*

With regard to the pre-Flood world, Gen. 6:5 says, "Then the LORD saw that the wickedness of man was great in the earth, and that every intent of the thoughts of his heart was only evil continually." The word for 'wickedness' comes from the Hebrew word 'ra' which means 'evil.' Humanity was so wicked that Gen. 6:6 says, "And the LORD was sorry that He had made man on the earth, and He was grieved in His heart." The wickedness of humanity brought every conceivable type of sin and deliberate disregard for the sanctity of life. These sins were imputed only because the moral laws of God – the Ten Commandments existed from the creation of mankind.

From these, it is evident that the Ten Commandments were in force long before Moses. It is seen that Abraham was commended by God in Gen. 26:5 with these words, "because Abraham obeyed My voice and kept My charge, My commandments, My statutes, and My laws." What commandments and laws did Abraham obey if there were no Ten Commandments before Exodus 20? It is obvious that the law which Abraham kept was not the Mosaic law, because that was given by God after 430 years. It is the Ten Commandments that Abraham obeyed, about which we have seen that they were in force right from the time of creation. The Ten Commandments were not in any way limited to the Jews only. It was applicable to the entire human race. They were already in effect long before Moses or Israel's existence. They are the foundation of God's laws which show us how to love God (defined by the first four Commandments) and how to love our neighbour (defined by the last six).

# പാട്ടുകളുടെ പിന്നാമ്പുറങ്ങൾ



ജെയ്സൺ ജേക്കബ് ജോയ്

## "യേശു എന്നടിസ്ഥാനം"

നല്ല ഗാനങ്ങൾ എപ്പോഴും നമ്മുടെ ജീവിതത്തിൽ ആശ്വാസം നൽകുന്ന ഒന്നാണ്. ഒരു പക്ഷേ ആ ഗാനത്തിന്റെ പിന്നിലുള്ള ജീവിത ഗന്ധിയായ അനുഭവങ്ങൾ പലപ്പോഴും നമുക്ക് ആശ്വാസം പകരുന്നു. സന്തോഷത്തിലും സന്താപത്തിലും പാട്ടുകൾ എന്നും നമുക്ക് ആത്മീയ ചൈതന്യം പകരുന്നു എന്നതിൽ സംശയമില്ല. ഒറീസ്സയിൽ കുരുതി കൊടുക്കപ്പെട്ട പ്രേഷിത വീരൻ ഗ്രഹാം സ്റ്റെയിൻസിന്റെ വിധവ ഗ്ലാഡിസ് ആ സംഭവത്തിനുശേഷം മുമ്പോട്ടുള്ള കാര്യങ്ങളെക്കുറിച്ച് ചോദിച്ചപ്പോൾ തന്റെ മനസ്സിനെ ഏറെ സ്വാധീനിച്ച താൻ വാഴ്കയാൽ ആകുലമില്ല എന്ന പാട്ടിന്റെ വരികളാണ് ആ ധീര വനിത ഉദ്ധരിച്ചത്.

***കേരളത്തിന്റെ അക്ഷര നഗരി എന്നറിയപ്പെടുന്ന കോട്ടയത്തു ജനിച്ച അനുഗ്രഹീത ദൈവദാസനാണ്***

***ടി ജെ അന്ത്രയോസ് അച്ചൻ. സി.എസ്.ഐ പള്ളിയിലെ ഒരു ശുശ്രൂഷകനായിരുന്നു പ്രിയ ദൈവദാസൻ.***

സുവിശേഷത്തെ ഏറെ സ്നേഹിച്ച ദൈവദാസൻ കേരളത്തിലെ ഏറ്റവും തണുപ്പുള്ള പ്രദേശമായ പീരുമേടാണ് തിരഞ്ഞെടുത്തത്. അനേക വർഷങ്ങൾ താൻ അവിടെ കർത്താവിന്റെ വേല ചെയ്തു. അങ്ങനെ തന്റെ ജീവിത സായാഹ്നത്തിനൊടുവിൽ രണ്ടു വർഷക്കാലം പ്രിയപ്പെട്ടവൻ ഒരു തളർവാത രോഗിയായി കിടക്കയിൽ വിശ്രമിച്ചു. ഈ കഷ്ടതയുടെ നടുവിലും ഒരു പിറുപിറുപ്പു പോലും പറയാതെ തന്നെ കാണുവാൻ വരുന്നവരോട് സുവിശേഷം പറഞ്ഞു തന്റെ രോഗകിടക്ക താൻ ഏറെ സന്തുഷ്ടമാക്കി. മാത്രമല്ല അനേക ഗാനങ്ങൾ എഴുതുകയും ചെയ്തു.

അങ്ങനെ തന്റെ ഭൂമിയിലെ അൽപ്പ നാളുകൾക്കു വിരാമം കുറിക്കുന്നതിനു ഒരാഴ്ച മുമ്പ് തന്റെ ഇളയ മകനെ വിളിച്ചു ഒരു പേപ്പറും പേനയും കൊണ്ടു വരുവാൻ ആവശ്യപ്പെട്ടു. മകനോട് ഇങ്ങനെ പറഞ്ഞു അനേക നാളുകൾ കർത്താവിന്റെ വേല ചെയ്യുവാൻ ദൈവം എനിക്ക് കൃപ നൽകി. അതുകൊണ്ട് ആ നല്ലവനായ ദൈവത്തിനു വേണ്ടി ഒരു ഗാനം കൂടെ എഴുതുവാൻ എനിക്ക് ആഗ്രഹം ഉണ്ട് എന്നാൽ എന്റെ കൈകൾക്കു ചലന ശേഷി ഇല്ലാതെ പോയിരിക്കുന്നു. ഇത്രയും കാലം ഈ കഷ്ടതയുടെ നടുവിലും ദൈവം എനിക്ക് കൃപ നൽകുന്നു അതുകൊണ്ട് മോനെ നീ ഇങ്ങനെ എഴുതുക 'രോഗം എന്നെ പിടിച്ചെൻ ദേഹം ക്ഷയിച്ചാലുമേ വേഗം വരുമെൻ നാഥൻ ദേഹം പുതുതാക്കിടാൻ'. സഭാ വ്യത്യാസം കൂടാതെ പാടി ആശ്വസിക്കുന്ന യേശു എന്നടിസ്ഥാനം എന്ന ഗാനം ഇങ്ങനെയാണ് ഉണ്ടായത്.

പ്രിയപ്പെട്ട ദൈവജനമേ, നമുക്ക് ദൈവം നൽകുന്ന ഏതു സാഹചര്യത്തിലും പാടി ആശ്വസിക്കുവാൻ ഈ ഗാനങ്ങൾ ഓരോന്നും സഹായമായിത്തീരട്ടെ എന്നു പ്രാർത്ഥിക്കുന്നു. വെക്കം തൻ മണവാട്ടി ആക്കീടുവാനായി കടന്നുവരുന്ന നമ്മുടെ കർത്താവിന്റെ വരവ് ഏറ്റവും അടുത്തിരിക്കുന്നു. ദൈവനാമം മഹത്വപ്പെടട്ടെ!

# തിരുവെഴുത്തും... നാമങ്ങളും

## ബൈബിൾ... 3



പാസ്റ്റർ റ്റി.റ്റി. തോമസ്

....ഒന്നാം പേജിൽ നിന്നും തുടർച്ച

### 6. ന്യായപ്രമാണം, പ്രവാചകപുസ്തകം, സങ്കീർത്തനങ്ങൾ:

'പിന്നെ അവൻ അവരോടു:ഇതാകുന്നു നിങ്ങളോടുകൂടെ ഇരിക്കുമ്പോൾ ഞാൻ പറഞ്ഞ വാക്കു. മോശെയുടെ ന്യാപ്രമാണത്തിലും പ്രവാചകപുസ്തകങ്ങളിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ചു എഴുതിയിരിക്കുന്നതു ഒക്കേയും നിവൃത്തിയാകേണം എന്നുള്ളതു തന്നേ എന്നു പറഞ്ഞു' - ലൂക്കോ.24:44

### 7. യഹോവയുടെ ന്യായപ്രമാണം:

